ഉത്തരം

(എ) ഇല്ല. ശ്രീ. ക്ലമന്റ് സമർപ്പിച്ച 314/163 നമ്പർ അപേക്ഷ പ്രകാരം പശു വളർത്തലിനാണ് കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പ റേഷനിൽനിന്നും ടിയാൻ വായ്പ എടുത്തിട്ടുള്ളത്. ടി വായ്പ മോറട്ടോറിയം ഉത്തരവിന്റെ പരിധിയിൽപ്പെടുന്നതല്ല. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം ഒരു മത്സ്യത്തൊഴി ലാളി തന്റെ വരുമാന വർദ്ധനവിനായി മത്സ്യബന്ധന പ്രവർത്ത നങ്ങൾക്കൊഴികെ വാണിജ്യ ആവശ്യങ്ങൾക്കോ ആഡംബര ആവശ്യങ്ങൾക്കോ എടുക്കുന്ന വായ്പകൾ 'കടം' എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടു കയില്ല.

(ബി) മോറട്ടോറിയം ഉത്തരവിൽ പറയുന്ന വായ്പകളുമായി ബന്ധപ്പെട്ട കടങ്ങളിന്മേൽ വായ്പ നൽകിയ സ്ഥാപനങ്ങൾ റിക്കവറി നടപടികൾ സ്വീകരിക്കാതിരിക്കുവാൻ മോറട്ടോറിയം ഉത്തരവിന്റെ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർ/ബാങ്കുകൾ എന്നിവർക്ക് നൽകിയിട്ടുണ്ട്.

ഹോസ്ദുർഗ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

203 (4827) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്ദുർഗ് മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇവിടെ നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തനവും പുരോഗ തിയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോസ്ദുർഗ് മണ്ഡലത്തിൽ മത്സ്യഫെഡ് വഴി 136.79 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരി ക്കുന്നു. *

(ബി) പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്താറുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

204 (4828) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോ ജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എത്ര

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ ധനസഹായം നൽകി; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകളും, ധനസഹായവും വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

വർഷം	വീടുകളുടെ എണ്ണം	ധനസഹായം
2006-07	81	81 X 40000 = 32,40,000
2007-08	51	51 X 40000 = 20,40,000
2008-09	64	64 X 40000 = 25,60,000
2009-10	70	70 X 50000 = 35,00,000
ആകെ	266	1,13,40,000

266 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

കല്ലുമ്മക്കായ കർഷകർക്ക് സഹായം

205 (4829) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കല്ലുമ്മക്കായ കർഷകർക്ക് ശക്തമായ കാലവർഷത്തിൽ വ്യാപകമായ നാശനഷ്ടം സംഭവിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യഥാസമയം വിളവെടുപ്പ് നടത്താതിരിക്കുകയും കാലവർഷത്തെ തുടർന്ന് ജലത്തിന്റെ ലവണാംശം അനിയന്ത്രിതമായി കുറയുകയും ചെയ്തതിനാൽ നിരവധി കർഷകർക്ക് കല്ലുമ്മക്കായക്കൃഷി നശിച്ചുപോയിട്ടുണ്ട് എന്നാണ് പ്രാഥമിക അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. കൂടുതൽ കർഷകരും മേയ് മാസത്തിൽത്തന്നെ വിളവെടുപ്പ് പൂർത്തിയാക്കിയിരുന്നു. ചുരുക്കം ചില കർഷകർ മാത്രം വില കൂടുതൽ കിട്ടുന്നതിനായി വിളവെടുപ്പ് നീട്ടിക്കൊണ്ടുപോയതാണ് നാശനഷ്ടത്തിന് കാരണമായിട്ടുള്ളതെന്ന് കരുതുന്നു. കൃഷിനാശം സംഭവിച്ച കർഷകരിൽനിന്ന് ലഭിച്ച അപേക്ഷകളിന്മേൽ ഫീൽഡ് തല ഉദ്യോഗസ്ഥർ അന്വേഷണം നടത്തി നാശനഷ്ടം കണക്കാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly